വില്പന നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടി

16 [4754] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധനം വാങ്ങുന്നവരിൽ നിന്നും ഈടാക്കുന്നതും നിയമാനുസരണം സർക്കാരിന് അടയ്ക്കേണ്ടതുമായ വില്പന നികുതിയിൽ വമ്പിച്ച കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിൽ നിലവിലുള്ള നിയമങ്ങളുടെ ആനുകൂല്യം കൊണ്ട് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ പത്ത് ലക്ഷത്തിലേറെ നികുതി കുടിശ്ശിക ഉള്ളവരിൽ നിന്നും തുക അടിയന്തിരമായി ഈടാക്കുവാൻ നിയമ ഭേദഗതി കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ;

(സി) വൻതുക വില്പന നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങൾ കുടിശ്ശിക അടച്ചുതീർക്കാതെ തന്നെ കുടിശ്ശിക തുക വർദ്ധിപ്പിക്കുന്ന രീതി ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വില്പന നികുതി അസസ്മെന്റ് നടത്തി നിയമാനുസരണമുള്ള ഡിമാന്റ് നോട്ടീസ് നൽകി കഴിഞ്ഞ് 21 ദിവസത്തിനകം നികുതി അടയ്ക്കാതിരുന്നാൽ പലിശ ഈടാക്കുന്നതിന് കേരള വില്പന നികുതി നിയമത്തിൽ വ്യവസ്ഥയുണ്ട്. കുടിശ്ശിക വരുത്തുന്ന നികുതിക്ക് ആദ്യമാസം ഒരു ശതമാനവും തുടർന്നുള്ള മാസത്തേക്ക് രണ്ടു ശതമാനവും ആണ് പലിശ നൽകേണ്ടത്. ഡിമാന്റ് നോട്ടീസിൽ പറയുന്ന സമയത്തിനകം നികുതി അടയ്ക്കാതിരുന്നാൽ പലിശസഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി കൈക്കൊള്ളുന്നതിനും നിയമ വ്യവസ്ഥയുണ്ട്. റിക്കവറി നടപടിയുടെ ഭാഗമായി നികുതി കുടിശ്ശികയുള്ള ആളിന്റെ സ്വത്തുവകകൾ കണ്ടുകെട്ടി ലേലത്തിലൂടെ നികുതി ഈടാക്കുകയും ചെയ്യാറുണ്ട്. വില്പന നികുതിയിൽ വമ്പിച്ച കുടിശ്ശികയുള്ളവരുടെ ലിസ്റ്റ് പ്രത്യേകം എടുത്ത് അവരുടെ പേരിൽ അടിയന്തിരമായി റിക്കവറി നടപടി എടുക്കുന്നതിനും കോടതി സ്റ്റേയുള്ള കേസ്സുകളിൽ സ്റ്റേ നീക്കുന്നതിന് സത്വര നടപടിയെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുടിശ്ശിക ഈടാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പര്യാപ്തമാണ്. നികുതി കുടിശ്ശിക ഉള്ളവരിൽ നിന്നും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി കൈക്കൊള്ളൽ/ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമഭേദഗതി കൊണ്ടുവരുവാൻ നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല.

(സി) വൻ കുടിശ്ശികയുള്ള സ്ഥാപനങ്ങൾ കുടിശ്ശിക അടച്ചുതീർക്കുന്നതിനായി റിക്കവറി നടപടികൾ സത്വരമായി സ്വീകരിക്കുകയും റിട്ടേണുകൾ പരിശോധിച്ച് ഈടാക്കുന്ന നികുതി അടയ്ക്കാതിരുന്നാൽ കർശന നടപടികൾ എടുക്കാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly